Intellect Thought Submission
MSM
mujahid students movement
KERALA

ENLIGHTENING GENERATIONS
CRE
CONTINUING RELIGIOUS EDUCATION
MUJAHID STUDENTS MOVEMENT

# CRE 2025-26

## SPECIAL CRE

**28 AUG - 04 SEP, 2025**

## Segment 1

**10 mints**

<u>Objectives</u>

1. പ്രവാചകനെ പിൻപറ്റാൻ നിഷ്കർഷിക്കുന്ന 2 ആയത്തുകൾ മനഃപാഠമാക്കൽ.
2. ആയതുകളുടെ വിശദീകരണം മനസ്സിലാക്കൽ.
3. ഈ ആയത്തുകളും അവയുടെ സന്ദേശങ്ങളും പ്രചരിപ്പിക്കാൻ പ്രചോദനം നൽകൽ.

## സൂറ ആലുഇംറാൻ : 31, 32

[Surah Ali-'Imran|03:31|Ayat No:31-32|Translation in English - YouTube]

بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ

**പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.**

قُلْ إِن كُنتُمْ تُحِبُّونَ ٱللَّهَ فَٱتَّبِعُونِى يُحْبِبْكُمُ ٱللَّهُ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَٱللَّهُ غَفُورٌ رَّحِيمٌ ﴿٣١﴾

**നീ പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെങ്കിൽ, നിങ്ങൾ എന്നെ പിൻപറ്റുവിൻ; (എന്നാൽ) അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും, നിങ്ങൾക്ക് നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരുകയും ചെയ്യും. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു.**

قُلْ أَطِيعُوا۟ ٱللَّهَ وَٱلرَّسُولَ ۖ فَإِن تَوَلَّوْا۟ فَإِنَّ ٱللَّهَ لَا يُحِبُّ ٱلْكَٰفِرِينَ ﴿٣٢﴾

നീ പറയുക: 'നിങ്ങള്‍ അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുവിന്‍' എന്നിട്ട് അവര്‍ തിരിഞ്ഞുകളയുന്ന പക്ഷം, നിശ്ചയമായും അല്ലാഹു (ആ) അവിശ്വാസികളെ സ്നേഹിക്കുന്നതല്ല.

---

## തഫ്സീര്‍ (അമാനി മൌലവി)

ഞങ്ങള്‍ അല്ലാഹുവി**ന്‍റെ** മക്കളും ഇഷ്ടക്കാരുമാണ് نحن ابناء الله و أحباؤه എന്നു വാദിക്കുന്ന ജൂതരും ക്രിസ്ത്യാനികളുമാകുന്ന വേദക്കാര്‍ അല്ലാഹുവി**ന്‍റെ** സാമീപ്യം സമ്പാദിക്കുവാന്‍ വേണ്ടിയാണെന്ന ഭാവേന- പ്രത്യക്ഷമായോ പരോക്ഷമായോ അല്ലാഹു അല്ലാത്തവരെ ആരാധിക്കുകയും പ്രാര്‍ത്ഥിക്കുകയും ചെയ്യുന്നവര്‍, ഞങ്ങളാണ് യഥാര്‍ത്ഥത്തില്‍ അല്ലാഹുവിനെ അനുസരിക്കുന്നവരെന്ന് വാദിച്ചുകൊണ്ട്, നബിചര്യകളും, നബിവചനങ്ങളും അവഗണിച്ചു പുറംതള്ളുന്ന ‘അഹ്‌ലുല്‍ ക്വുര്‍ആനികള്‍’ എന്നു പറയപ്പെടുന്നവര്‍, എന്നിങ്ങനെയുള്ളവര്‍ക്കെല്ലാം തക്കതായ ഖണ്ഡനം ഈ വചനങ്ങളില്‍ അടങ്ങിയിരിക്കുന്നു. റസൂലിനെ അനുസരിക്കുകയും റസൂലി**ന്‍റെ** മാര്‍ഗം പിന്‍പറ്റുകയും ചെയ്യാത്തവര്‍ അല്ലാഹു ഇഷ്ടപ്പെടാത്ത അവിശ്വാസികളാകുന്നുവെന്നത്രെ അവസാനത്തെ വചനം കാണിക്കുന്നത്. റസൂലിനെ അനുസരിക്കുകയെന്ന കാര്യം ചില ലഘു ബുദ്ധികള്‍ വിചാരിക്കുന്ന പോലെ – കേവലം ഒരു നിസ്സാര വിഷയമൊന്നുമല്ല. മുന്‍കഴിഞ്ഞുപോയ എല്ലാ പ്രവാചകന്മാരും എല്ലാ റസൂലുകളും നബി (صَلَّى ٱللَّٰهُ عَلَيْهِ وَسَلَّمَ) യെ പിന്‍പറ്റി നടക്കുവാന്‍ ബാധ്യസ്ഥരാകുമായിരുന്നു. അത്രയും ഗൗരവപ്പെട്ടതാണ് ആ വിഷയം. ഇതിനെപ്പറ്റി താഴെ 81-ാം വചനത്തില്‍ കൂടുതല്‍ വിവരം കാണാവുന്നതാണ്. (إِن شَاءَ ٱللَّٰهُ)

സൂറത്തുല്‍ ഫാതിഹഃയില്‍വെച്ചു മുമ്പ് വിവരിച്ചതു പോലെ, സ്നേഹത്തില്‍ നിന്നാണ് ഭയഭക്തിയുടെയും അനുസരണത്തി**ന്‍റെ**യും ബഹുമാനത്തി**ന്‍റെ**യും ഉല്‍ഭവം. അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെന്നു വാദിക്കുന്ന ഏവരും നബി (صَلَّى ٱللَّٰهُ عَلَيْهِ وَسَلَّمَ) തിരുമേനി കാണിച്ചുതന്ന മാര്‍ഗം സ്വീകരിക്കുവാന്‍ ബാധ്യസ്ഥരാകുന്നു. അത് കൊണ്ടാണ് ഒരു ഹദീഥില്‍ നബി (صَلَّى ٱللَّٰهُ عَلَيْهِ وَسَلَّمَ) ഇങ്ങിനെ പറഞ്ഞത്: ‘ഏതൊരു പ്രകാരത്തിലാണോ നമ്മുടെ കാര്യം, അപ്രകാരമല്ലാത്ത ഒരു പ്രവര്‍ത്തി ആരെങ്കിലും പ്രവര്‍ത്തിച്ചാല്‍ അതു തള്ളപ്പെട്ടതായിരിക്കും’ (ബു). അല്ലാഹുവിനെ സ്നേഹിക്കുന്നുണ്ടെന്ന വാദം സാക്ഷാല്‍കരിക്കുന്നത് റസൂല്‍ തിരുമേനിയുടെ ചര്യ സ്വീകരിക്കുന്നത് വഴിയാണ്. അങ്ങനെ ചെയ്യുന്നവരെയാണ് അല്ലാഹുവും സ്നേഹിക്കുക. മാത്രമല്ല, അവരുടെ പാപങ്ങള്‍ അവന്‍ പൊറുത്തു കൊടുക്കുക കൂടി ചെയ്യും. അല്ലാഹുവിനെ അനുസരിക്കലും റസൂലിനെ അനുസരിക്കലും ഭിന്നമല്ല. രണ്ടും

ഒന്നു തന്നെയാകുന്നു. എന്നൊക്കെയാണ് അല്ലാഹു പറഞ്ഞതിന്റെ സാരം. വേറൊരിടത്ത് അല്ലാഹു പറയുന്നു: مَّن يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ (റസൂലിനെ ആർ അനുസരിക്കുന്നുവോ അവൻ അല്ലാഹുവിനെ അനുസരിച്ചു. (നിസാഉ് : 80)

---

## Segment 2

**15 mins**

---

## DEBATE : നബിദിനാഘോഷം

**(അനുകൂലിച്ചും പ്രതികൂലിച്ചും വിദ്യാർഥികളെ 2 ഗ്രൂപ്പുകളായി തിരിക്കുക.)**

**ഓരോ ഗ്രൂപ്പും 5/10 മിനിറ്റ് പരസ്പരം ചർച്ച ചെയ്യുക, തുടർന്ന് സംവാദം...**

**പരമാവധി 10 പേരടങ്ങുന്ന ടീമാണ് സംവാദത്തിന് ഒരു ഗ്രൂപ്പിൽ ഉണ്ടാവുക.**

**3 പേർക്കാണ് സംസാരിക്കാൻ അവസരം.**

**സംവാദത്തിന്റെ രൂപം:**

- വിഷയാവതരണം (5 മിനിറ്റ് വീതം)
- ഖണ്ഡനം (2 മിനിറ്റ് വീതം)
- അവലോകനം/സമാപനം (3 മിനിറ്റ് വീതം)

**പിന്നീട് സമയത്തിനനുസരിച്ച് സാമാജികാവസരം നൽകാവുന്നതാണ്.**

**Segment 3**

Camproot
a moral compass...

30 MINUTES

# പ്രവാചക സ്നേഹവും നബിദിനാഘോഷവും

Objectives

1. നബിദിനാഘോഷത്തിന്റെ ഇസ്ലാമിക പരിപ്രേക്ഷ്യം മനസ്സിലാക്കൽ.

**അല്ലാഹുവിനെക്കഴിഞ്ഞാൽ നമുക്ക് ഏറ്റവും കൂടുതൽ സ്നേഹമുണ്ടാവേണ്ടത് മുഹമ്മദ് നബി (സ്വ) യോടാണ്.**

**നബി(സ്വ) പറഞ്ഞു : അല്ലാഹുവാണ സത്യം, നിങ്ങളുടെ പിതാക്കളെക്കാളും മക്കളെക്കാളും മുഴുവൻ ജനങ്ങളെക്കാളും നിങ്ങൾക്ക് പ്രിയപ്പെട്ടത് ഞാനാകുന്നത് വരെ നിങ്ങളാരും വിശ്വാസി ആവുകയില്ല.**

**നമ്മുടെ സ്വന്തത്തേക്കാളും നമുക്ക് പ്രിയപ്പെട്ടത് പ്രവാചകനാവണം.**

**പക്ഷേ, ആ സ്നേഹത്തിന്റെ പ്രകടനം പ്രവാചകൻ ഇഷ്ടപ്പെടാത്തത് പ്രവർത്തിച്ചു കൊണ്ടാണെങ്കിലോ ?**

**നബിദിനാഘോഷം പ്രവാചക സ്നേഹമല്ല; പ്രവാചകനോടുള്ള ധിക്കാരമാണ്..**

➢ പ്രവാചകൻ (സ) ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരാൾക്കും **നബിദിനം** എന്ന ആഘോഷത്തിൽ പങ്കാളിയാകാൻ കഴിയില്ല.

## എന്തുകൊണ്ട്?

**01. ദീൻ പരിപൂർണ്ണമാണ്.**

– ഈ ദീനിൽ നബിദിനാഘോഷമില്ല.

**ٱلْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِى وَرَضِيتُ لَكُمُ ٱلْإِسْلَٰمَ دِينًا**

*ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു. ......(ഖുർആൻ :5/3).*

**പ്രവാചകവചനം:**

إنَّهُ ليس شيءٌ يُقَرِّبُكُمْ إلى الجنةِ إلَّا قد أَمَرْتُكُمْ بهِ ، ...

*നബി ﷺ പറഞ്ഞു : നിങ്ങളെ സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്ന ഒരു കാര്യവും നിങ്ങൾക്ക് ഞാൻ പറഞ്ഞുതരാതെ വിട്ടുപോയിട്ടില്ല. (സിൽസിലത്തു സ്വഹീഹ)*

## 02. പ്രാമാണിക അടിത്തറയില്ല

➢ ഇസ്‌ലാമിലെ നന്മകളെല്ലാം പഠിപ്പിക്കപ്പെട്ടുകഴിഞ്ഞു.

➢ ഇങ്ങനെയൊരു ആഘോഷം പഠിപ്പിക്കപ്പെട്ടിരുന്നെങ്കിൽ എന്തെങ്കിലുമൊരു സൂചന കാണുമായിരുന്നു.

**–എന്നാണ് പ്രവാചകന്റെ ജനനം?**

**എട്ടോളം** അഭിപ്രായങ്ങൾ ഉണ്ട്. ദിവസത്തിലെന്നല്ല, ഏത് മാസം എന്നതിൽ വരെ സംശയം. റമദാനിൽ ആണെന്ന് വരെ അഭിപ്രായം.

–23 വർഷം പ്രവാചകനായി ജീവിച്ചു. ഒരു കാരക്കച്ചീന്തുകൊണ്ടുപോലും സന്തോഷിച്ചിട്ടില്ല.

–ആകെയൊരു സൂചനയുള്ളത് നബി(സ) ജനിച്ചത് **തിങ്കളാഴ്ച** യാണ് എന്നതാണ്.

–എന്നിട്ട് പറഞ്ഞതോ,

سُئِلَ عَنْ صَوْمِ الِاثْنَيْنِ، فَقَالَ: فِيهِ وُلِدْتُ، وَفِيهِ أُنْزِلَ عَلَيَّ

[صحيح مسلم 1162]

തിങ്കളാഴ്ച നോമ്പിനെക്കുറിച്ച് ചോദിക്കപ്പെട്ടു; നബി (സ്വ) പറഞ്ഞു: ഞാൻ ജനിച്ച ദിവസമാണത്, എനിക്ക് വഹ്‌യ് കിട്ടിയ ദിവസവുമാണത്.

- ഏത് മാസം എന്നല്ല, എല്ലാ തിങ്കളാഴ്ചയും എന്ന നിലക്കാണ് പറഞ്ഞത്.

- തിങ്കൾ, വ്യാഴം നോമ്പ് അല്ലാഹുവിലേക്ക് കർമ്മങ്ങൾ ഉയർത്തപ്പെടുന്ന ദിവസമാണ്.

നോമ്പുകാരനായിരിക്കേ എന്റെ കർമ്മങ്ങൾ ഉയർത്തപ്പെടാൻ ഞാൻ ആഗ്രഹിക്കുന്നു എന്നതും കാണാം. (തുർമുദി 747)

- റബീഉൽ അവ്വൽ മാസത്തിനോ പന്ത്രണ്ടാം തീയതിക്കോ എന്തെങ്കിലും പ്രത്യേകത ഉള്ളതായി അവിടുന്ന് പഠിപ്പിച്ചിട്ടില്ല.
- ആ മാസത്തിൽ കൂടുതൽ പുണ്യമുള്ളതായും പറഞ്ഞില്ല.

- രണ്ട് ആഘോഷങ്ങൾ മാത്രമേ വിശ്വാസികൾക്കുള്ളൂ.. **ചെറിയപെരുന്നാൾ/ബലി പെരുന്നാൾ.**
- ഇവ രണ്ടിനും എത്രയോ സുന്നത്തുകൾ പഠിപ്പിക്കപ്പെട്ടു. തക്ബീർ രീതി, ചൊല്ലേണ്ടുന്ന സമയം, രണ്ട് വഴിയിൽ സഞ്ചരിക്കണം എന്നതടക്കം.

**നബിദിനം എന്ന ആഘോഷമുണ്ടെങ്കിൽ എന്ത് സുന്നത്താണ് പഠിപ്പിക്കപ്പെട്ടത്.?**

- 30 വർഷം വരെ ഭരണം നടത്തിയ ഖലീഫമാർ 55 വർഷം വരെ ജീവിച്ച പ്രിയ പത്നിമാർ, 100വർഷം വരെ ജീവിച്ച സ്വഹാബാക്കൾ... താബിഉകൾ, തബഉത്താബിഉകൾ, നാല് മദ്ഹബിന്റെ ഇമാമുമാർ ആരും തന്നെ ഇത് ആഘോഷിച്ചിട്ടില്ല.

**ആരാണ് ഈ സമ്പ്രദായം തുടങ്ങിയത്?**

– ഹിജ്റ 300നും ശേഷം, ശിയാക്കളിലെ ഫാത്വിമിയ്യ വിഭാഗം തുടക്കം കുറിച്ച്, പിന്നെയും 300വർഷം കഴിഞ്ഞ് മുദ്വഫറെന്ന രാജാവിലൂടെ സജീവമായി.

ആരാണ് വിശ്വാസിയുടെ മാതൃക?
ഒരു രാജാവാണോ മാതൃക?

**പിന്നെ ആരാണ്?**

**خَيْرُ النَّاسِ قَرْنِي ثُمَّ الَّذِينَ يَلُونَهُمْ ثُمَّ الَّذِينَ يَلُونَهُمْ**

*നബി ﷺ പറഞ്ഞു: ജനങ്ങളിൽ ഏറ്റവും ഉത്തമർ എന്റെ നൂറ്റാണ്ടാണ്. പിന്നീട് അതിനുശേഷം വന്നവർ, പിന്നീട് അവർക്ക് ശേഷം വന്നവർ. (ബുഖാരി:2533)*

- ഇവർക്കാർക്കും പരിചയമില്ലാത്ത നന്മ കിട്ടുമെന്ന രൂപത്തിൽ പ്രചരിപ്പിക്കപ്പെടുന്ന ഒരു കർമ്മം ഇസ്‌ലാമിൽ **ബിദ്അത്ത്** തന്നെ!!

**ഇതിനെയാണ് മുസ്‌ലിം ഉമ്മത്തിലെ ഒരുവിഭാഗം പുണ്യം പ്രതീക്ഷിക്കുന്ന വലിയ നന്മയായി കൊണ്ടുനടക്കുന്നത്.**

- പെരുന്നാളിനില്ലാത്ത ആവേശമാണ് ഈ ബിദ്അത്ത് ന് അവർ പരിഗണന നൽകുന്നത്.
- ഓരോ വർഷവും പുതിയതായി പലതും കടന്ന് വരുന്നു. പള്ളികൾ മോടി പിടിപ്പിക്കുന്നതിൽ നിന്ന് സ്വന്തം വീടുകളിൽ വരെ തോരണങ്ങളും, ലൈറ്റുകളും തൂക്കുന്ന അവസ്ഥ.

**ഇത്തരം ആളുകളോട് പറയണം.**

**مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ.**

*നമ്മുടെ ഈ മതത്തിൽ, ആരെങ്കിലും എന്തെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്. (ബുഖാരി:2697)*

**مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ**

*ആരെങ്കിലും നമ്മുടെ കൽപനയില്ലാത്ത ഒരു പ്രവർത്തനം ചെയ്താൽ അത് തള്ളപ്പെടേണ്ടതാണ്. (മുസ്ലിം:1718)*

➢ ഇതുകൊണ്ടാണ് ഈ ആചാരത്തെ തള്ളുന്നത്.

**എന്നാലും ചിലര് പറയും. നല്ലതല്ലേ.......**

➤ **മൂന്നുപേർ നബി ﷺ യുടെ ആരാധനാ സമ്പ്രദായങ്ങളന്വേഷിച്ചുകൊണ്ട് നബി ﷺ യുടെ ഭാര്യമാരുടെ വീട്ടിൽ വന്നു. നബി ﷺ യുടെ ആരാധനയെക്കുറിച്ച് കേട്ടപ്പോൾ അവർക്കത് വളരെ കുറഞ്ഞു പോയെന്ന് തോന്നി. അവർ പറഞ്ഞു: നാമും നബിയും എവിടെ? നബി ﷺ ക്ക് ആദ്യം ചെയ്തുപോയതും പിന്നീട് ചെയ്തു പോയതുമായ എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തുകൊടുത്തിട്ടുണ്ടല്ലോ. അങ്ങിനെ മറ്റൊരാൾ പറഞ്ഞു: ഞാൻ എന്നും രാത്രി മുഴുവൻ നമസ്കരിക്കും. മറ്റൊരാൾ പറഞ്ഞു: എല്ലാ ദിവസവും ഞാൻ നോമ്പ് പിടിക്കും. ഒരു ദിവസവും നോമ്പ് ഉപേക്ഷിക്കുകയില്ല. മൂന്നാമൻ പറഞ്ഞു: ഞാൻ സ്ത്രീകളിൽ നിന്നകന്ന് നിൽക്കും. ഒരിക്കലും വിവാഹം കഴിക്കുകയില്ല. നബി ﷺ അവിടെ വന്നു. വിവരം അറിഞ്ഞപ്പോൾ അരുളി: നിങ്ങൾ ഇന്നതെല്ലാം പറഞ്ഞുവല്ലോ. അല്ലാഹു സത്യം. നിങ്ങളെക്കാളെല്ലാം അല്ലാഹുവിനെ ഭയപ്പെടുന്നവരും അവനെ സൂക്ഷിക്കുന്നവനുമാണ് ഞാൻ . ഞാൻ ചിലപ്പോൾ നോമ്പനുഷ്ഠിക്കുകയും ചിലപ്പോൾ നോമ്പ് ഉപേക്ഷിക്കുകയും ചെയ്യും. രാത്രി നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യും. സ്ത്രീകളെ വിവാഹം കഴിക്കുകയും ചെയ്യും. എന്റെ സുന്നത്തിനോട് ആരെങ്കിലും വിമുഖത കാണിച്ചാൽ അവൻ എന്നിൽ പെട്ടവനല്ല.** (ബുഖാരി: 5063)

## നബി(സ) യെ പുകഴ്ത്തുകയല്ലേ....

ഈ പുകഴ്ത്തൽ പരിധി കടക്കുന്നു പലപ്പോഴും...
അല്ലാഹുവിന് മാത്രം സമർപ്പിക്കേണ്ടുന്ന പ്രാർത്ഥനകൾ പോലും പ്രവാചകൻ(സ)യോട് വരുന്നു.

## ഇവിടെയാണ്;

**لاَ تُطْرُونِي كَمَا أَطْرَتِ النَّصَارَى ابْنَ مَرْيَمَ، فَإِنَّمَا أَنَا عَبْدُهُ، فَقُولُوا عَبْدُ اللَّهِ وَرَسُولُهُ**

*നബി ﷺ പറഞ്ഞു: ക്രൈസ്തവർ മറിയമിന്റെ മകനെ പുകഴ്ത്തിയതുപോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്. തീർച്ചയായും ഞാൻ (അല്ലാഹുവിന്റെ) അടിമയാണ്. നിങ്ങൾ പറയുക: അല്ലാഹുവിന്റെ റസൂലും അവന്റെ അടിമയുമെന്ന്. (ബുഖാരി:3445)*

## Segment 4 — "Learn A Hadith" — 5 mins

Objectives:

1. ഹദീഥ് അർഥ സഹിതം പഠിക്കൽ.

2. ഹദീഥ് മറ്റുള്ളവർക്ക് പഠിപ്പിക്കാൻ പ്രേരിപ്പിക്കൽ.

عَنْ عَائِشَةَ ـ رضى الله عنها ـ قَالَتْ قَالَ رَسُولُ اللَّهِ صلى الله عليه وسلم :

**مَنْ أَحْدَثَ فِي أَمْرِنَا هَذَا مَا لَيْسَ فِيهِ فَهُوَ رَدٌّ.**

**ആഇശ (റ) യിൽ നിന്ന് നിവേദനം. നബി (സ്വ) പറഞ്ഞു:**

**നമ്മുടെ ഈ മതത്തിൽ, ആരെങ്കിലും എന്തെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാണ്.**

*(ബുഖാരി:2697)*

## Segment 5

QURANIC CHAPTERS — 5 mins

**കഴിഞ്ഞ ക്ലാസ്സുകളിലായി നമ്മൾ പഠിച്ച സൂറത്തുകളുടെ പേരും അർത്ഥവും ക്രമത്തിൽ ഒന്ന് ഓർമിച്ചെടുക്കാൻ നോക്കിയാലോ ?**

**സൂറത്തുകൾ അർഥ സഹിതം തെറ്റാതെ പറയുന്നവർക്ക് സമ്മാനം നൽകാം. പേര് മാത്രം പറയുന്നവർക്കും പ്രോത്സാഹന സമ്മാനം നൽകാം.**

Renai TV

# WEEKLY TASK

**നബിദിനാഘോഷം ഇസ്ലാമികമല്ല എന്ന സന്ദേശം നമ്മുടെ 5 അയൽ വീട്ടുകാർ/ കുടുംബക്കാർ/ സുഹൃത്തുക്കൾ എന്നിവരോട് പങ്കു വെക്കാമോ?**

**ഈ വിഷയത്തിലുള്ള പോയിന്റുകൾ പഠിച്ച് അവരോട് നേരിട്ടോ ഫോണിലോ സംസാരിക്കുക.**

**വീടുകളിലേക്ക് ചെല്ലുമ്പോൾ രണ്ടോ മൂന്നോ സുഹൃത്തുക്കളെ കൂടെ കൂട്ടുന്നത് ഉചിതമാകും.**

*CRE കോർഡിനേറ്റർ, വിദ്യാർത്ഥികളും രക്ഷിതാക്കളും ഉള്ള ഗ്രൂപ്പിൽ പോൾ ഇട്ട ശേഷം അതിൽ മാർക് ചെയ്യാൻ പറയുക.*

*ഈ ആഴ്ചത്തെ ടാസ്ക് (* **Da'wa squad** *) പൂർത്തിയാക്കിയോ??*

*A) Yes, Completed*

*B) No*

*C) Partially Completed*

*ഈ ആഴ്ച complete ആകാത്തവർ, ആവുന്ന മുറക്ക് poll ചെയ്യണം എന്ന് ആവശ്യപ്പെടുക.*

*ഈ ആഴ്ച ഏറ്റവും കൂടുതൽ അംഗങ്ങൾ പൂർത്തിയാക്കുന്ന ഗ്രൂപ്പിനായിരിക്കും സമ്മാനം.*

**(രക്ഷിതാക്കളുടെ അനുവാദത്തോടെ ചെയ്യാൻ നിർദേശിക്കുക.)**

CRE WING | MSM Kerala